LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ആയത് കൈവരിക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്ക്, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾക്കുമായി സർക്കാർ ഓഹരി മൂലധനമായി 106.39 കോടി രൂപ അനുവദിക്കുന്നതിന് ഈ സർക്കാർ പ്രത്യേക പദ്ധതി നടപ്പാക്കുകയുണ്ടായി.

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവരുടെ പലിശ ബാധ്യത സർക്കാർ വഹിക്കുന്ന ഉത്തേജന പലിശ ഇളവ് വായ്പാ പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് അവരുടെ പലിശ ബാദ്ധ്യത ഈ പദ്ധതി പ്രകാരം സർക്കാർ വഹിക്കുകയും പ്രസ്തുത വായ്പ പലിശരഹിത വായ്പയായി മാറുകയും ചെയ്യുന്നതാണ് ഈ വായ്പപദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നെൽകർഷകർ നെൽകൃഷിക്കായി എടുക്കുന്ന കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രസ്തുത വായ്പയുടെ പലിശ ബാദ്ധ്യത സർക്കാർ നൽകുന്നു. ഇതുകൂടാതെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി കർഷകർക്ക് കോഴി/ താറാവ്/മത്സ്യം വളർത്തുന്നതിനും ആട്, മാട് വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

99 (444) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടായത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളും അവയുടെ പ്രയോജനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്